നാം റീടൂളിങ്ങിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒരുകാലത്തു് ലോക കയർ വ്യവസായത്തിൽ നമുക്കുണ്ടായിരുന്ന കുത്തക നഷ്ടപ്പെടാൻ കാരണം റീടൂളിങ്ങിനോടു് നാം കാണിച്ച വിദ്വേഷമനോഭാവമാകുന്നു.

പാരമ്പര്യവ്യവസായങ്ങളെ സഹകരണത്തിലൂടെ സംഘടിപ്പിക്കുകയാണു് സർക്കാരിന്റെ നയം. കയർവ്യവസായത്തിലും ഈ നയം നടപ്പിലാക്കാനാണു് സർക്കാർ ശ്രമിച്ചതു്. സൊസൈററികൾക്കു് മൂലധനമായും പ്രവർത്തനച്ചെലവായും അതാതു് ആവശ്യങ്ങൾക്കു് സഹായമായും ഉദ്യോഗസ്ഥശമ്പളമായും പല വിധത്തിലും സർക്കാർ ധനം നൽകിപ്പോന്നു. എന്നിട്ടും കയർവ്യവസായരംഗത്തിലെ സഹകരണസംഘങ്ങൾ ദുർബലങ്ങളാണെന്നു് പ്ലാനിംഗ് കമ്മീഷൻ കരുതുന്നു. കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്രപ്രദേശം എന്നീ സ്റ്റേററുകളിലായി അഞ്ഞൂററുപത്തെട്ടു് പ്രാഥമിക കയർ സഹകരണസംഘങ്ങളാണുള്ളതു്. ഇവയിൽ നൂററിമുപ്പത്തഞ്ചു് എണ്ണം മാത്രമേ ശരിക്കു നടക്കുന്നുള്ളു. മുന്നൂറെറൺപത്തിമൂന്നു് സഹകരണസംഘങ്ങൾ കൂടി ശ്രമിച്ചാൽ നല്ല നിലയിൽ നടത്താൻ കഴിഞ്ഞേക്കും. പക്ഷേ, അതിനു സമയബന്ധിതമായി പല നടപടികളും കൈക്കൊള്ളേണ്ടതുണ്ടു്.

സഹകരണമേഖലയിലെ കയർവ്യവസായത്തിനു് ആണ്ടുതോറും തൊണ്ണൂറു കോടിയോളം തൊണ്ടു് ആവശ്യമുണ്ടു്. 1987—ൽ ലഭിച്ചതാകട്ടെ പതിനൊന്നു കോടി അമ്പത്തിമൂന്നു ലക്ഷം തൊണ്ടു് മാത്രമാണത്രെ. തൊണ്ടിന്റെ ലഭ്യത ലെവിസമ്പ്രദായത്തിലൂടെ വർദ്ധിപ്പിക്കാനാണു് സർക്കാർ ശ്രമിക്കുന്നതു്.

ബഹുധാ രോഗാതുരമായ ഈ പാരമ്പര്യവ്യവസായത്തെപ്പററി തുറന്ന ചർച്ചകൾ ആവശ്യമാണു് ബഹുജനങ്ങളുടെ ബോധവൽക്കരണത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിനു് എന്തെങ്കിലും പരിഹാരം ഉരുത്തിരിയാൻ സാധ്യതയുള്ളു.

(ആഗസ്റ്റ് 5, 1988)

# 44. ഗവർണറും മന്ത്രിസഭയും

ഗവർണറും മന്ത്രിസഭയും തമ്മിലുള്ള അഭിപ്രായവ്യത്യാസം അടുത്തകാലത്തു് കേരളത്തിലും ആന്ധ്രപ്രദേശിലും പരക്കെ ചർച്ചാവിഷയമായിട്ടുണ്ടു്. കോൺഗ്രസ് ഇതര മന്ത്രിസഭകൾ നിലവിലുള്ള ഈ സംസ്ഥാനങ്ങളിലെ ഇപ്പോഴത്തെ ഗവർണർമാർ, കേന്ദ്രത്തിൽ അധികാരം പുലർത്തുന്ന കോൺഗ്രസ്സിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നവരാണു്. അവരുടെ കൂറു്, മുഖ്യമായും കോൺഗ്രസ് പാർട്ടിയോടാണെന്നു് കരുതുവാനാണു് ന്യായമുള്ളതു്. കോൺഗ്രസ് പാർട്ടിയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അവർ സ്റ്റേററിൽ ഭരണം നടത്തുന്ന കക്ഷിയുടെയോ കക്ഷികളുടെയോ താല്പര്യങ്ങൾക്കു് എതിരായി പ്രവർത്തിക്കുന്നു എന്ന സംശയം ഉണ്ടാവുന്നതു് സ്വാഭാവികം മാത്രമാണു്. എന്നാൽ, ഗവർണറും മന്ത്രിസഭയും തമ്മിൽ ചുവടൊപ്പിച്ച നീങ്ങാത്തതിനു് കാരണം പാർട്ടി—ഭേദമോ പാർട്ടി—വൈരുദ്ധ്യമോ മാത്രം ആയിക്കൊള്ളണമെന്നില്ല. കോൺഗ്രസ് മന്ത്രിസഭ നിലവിലുള്ള ബിഹാറിലെ ഗവർണ്ണർ കോൺഗ്രസ്സിന്റെ പ്രമുഖ നേതാക്കളിൽ ഒരാളാണു്. എന്നിട്ടും ബിഹാറിൽ ഗവർണറും മുഖ്യമന്ത്രിയും തമ്മിലുള്ള ഉരസൽ ഈയിടെ പത്രങ്ങളിൽ വലിയ പ്രാധാന്യം നൽകി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു

നമ്മുടെ ഭരണഘടനയനുസരിച്ചു് സംസ്ഥാനത്തിന്റെ നിർവാഹക അധികാരം ഗവർണറിൽ നിക്ഷിപ്തമായിരിക്കുന്നു. ഗവർണർ നേരിട്ടോ, തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ മുഖേനയോ ആ അധികാരം പ്രയോഗി

ക്കുന്നു എന്നാണ് സങ്കല്പം. രാഷ്ട്രപതി തന്റെ കൈയൊപ്പും മുദ്രയുംവെച്ച അധികാരപത്രംവഴി ഗവർണറെ നിയമിക്കുന്നു. രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം—ഈ കാലം അഞ്ചു വർഷമാണെന്ന് വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു—ഗവർണർക്ക് ഉദ്യോഗത്തിൽ ഇരിക്കാം. കാലാവധി അവസാനിച്ചാലും പിൻഗാമി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഗവർണർ തുടർന്ന് ഉദ്യോഗം വഹിക്കേണ്ടതാണ്. ഇതിനർത്ഥം ഗവർണർ ഇല്ലാത്ത ഒരു ഭരണസംവിധാനം സംസ്ഥാനങ്ങളിൽ ഉദ്ദേശിക്കപ്പെട്ടിട്ടില്ല എന്നത്രെ. അതേസമയം, മന്ത്രിസഭ ഇല്ലാതെയും സംസ്ഥാനങ്ങളിൽ ഭരണം നടക്കാവുന്നതേയുള്ളു.

സ്വന്തം വിവേകം അനുസരിച്ചു നിർവഹിക്കേണ്ടവ, മന്ത്രിസഭയുടെ സഹായത്തോടെയും ഉപദേശത്തോടെയും നിർവഹിക്കേണ്ടവ എന്നിങ്ങനെ രണ്ടു വിധമായി ഗവർണറുടെ ചുമതലകൾ വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ സ്വന്തം വിവേകം അനുസരിച്ച് ഗവർണർ തീരുമാനമെടുക്കേണ്ട ചുമതലകൾ ഏവ എന്ന് അന്തിമമായി നിർണയിക്കേണ്ടത് ഗവർണർതന്നെയാണ് (ഭരണഘടന, 163.2). 'ഗവർണർ സ്വന്തം വിവേകം ഉപയോഗിച്ചു ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കും. ഗവർണർചെയ്യുന്ന എന്തിന്റെയെങ്കിലും സാധുത, അദ്ദേഹം സ്വന്തം വിവേകം ഉപയോഗിച്ചു ചെയ്യേണ്ടിയിരുന്നു എന്നോ, ഇല്ലെന്നോ ഉള്ള കാരണത്തിന്മേൽ ചോദ്യംചെയ്യപ്പെടാവുന്നതല്ല.' (ഭരണഘടന 163.2) 'മന്ത്രിമാർ ഒരു പ്രശ്നത്തിൽ ഗവർണർക്ക് എന്തെങ്കിലും ഉപദേശം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്ത് ഉപദേശമാണു നൽകിയതെന്നും ഉള്ള കാര്യം ഏതെങ്കിലും കോടതിയിൽ അന്വേഷണവിചാരണചെയ്യപ്പെടുവാൻ പാടുള്ളതല്ല.' (ഭരണഘടന 163. 3).

സംസ്ഥാനത്തിലെ നിയമസഭയുടെ അധികാരപരിധിയിൽപ്പെട്ട കാര്യങ്ങളിലെല്ലാംതന്നെ, സ്വന്തം വിവേകം അനുസരിച്ച് തീരുമാനമെടുക്കാൻ ഗവർണർക്ക് അധികാരമുണ്ടെന്നാണ് ഭരണഘടന വാച്യമായി പ്രസ്താവിക്കുന്നത് എന്നാൽ, പ്രയോഗത്തിൽ മന്ത്രിസഭയുടെ ഉപദേശം തേടാതെയോ, ലഭിച്ച ഉപദേശം കണക്കിലെടുക്കാതെയോ, സ്വന്തം വിവേകമനുസരിച്ച് ഗവർണർക്കു തീരുമാനമെടുക്കാവുന്ന കാര്യങ്ങൾ വളരെയധികം പരിമിതങ്ങളാണ്. ഭരണഘടന എഴുതിയുണ്ടാക്കിയവരിൽ ഒരാളായ അല്ലാടി കൃഷ്ണസ്വാമി അയ്യർ, ഗവർണർക്ക് ഭരണഘടന നൽകുന്ന പദവിയെപ്പറ്റിയുള്ള ചർച്ചയ്ക്കിടയിൽ 1949 മെയ് 30-ാം തീയതി, ഭരണഘടനാനിർമാണസഭയിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

'ഗവർണർ ഭരണഘടനാവിധേയനായ തലവനും (കോൺസ്റ്റിറ്റ്യൂഷണൽ ഹെഡ്), മന്ത്രിസഭയുടെ വിവേകശീലനായ ഉപദേഷ്ടാവും കുഴപ്പങ്ങൾ പരിഹരിക്കാൻ കഴിവുള്ള ആളും ആയിരിക്കണമെന്നതാണ് ഓർമിക്കേണ്ട കേന്ദ്രവസ്തുത '

ഗവർണർ .'ഭരണഘടനാവിധേയനായ തലവൻ' ആയിരിക്കണമെന്നു പ്രസ്താവിച്ചപ്പോൾ കൃഷ്ണസ്വാമി അയ്യർ ഉദ്ദേശിച്ചത്, ബ്രിട്ടീഷ് രാജാവിന് ബ്രിട്ടനിലുള്ള പദവിയോട് ഏറെക്കുറെ തുല്യമായിരിക്കും ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഗവർണറുടെ പദവി എന്നാണ്. ബ്രിട്ടീഷ് ഭരണഘടനാവിദഗ്ധനായ സർ ഐവോർ ജെന്നിങ്സിന്റെ അഭിപ്രായത്തിൽ, 'ഒരു ഗവണ്മെന്റുണ്ടെന്ന് ഉറപ്പുവരുത്തുകയല്ലാതെ തനിക്കിഷ്ടമുള്ള നയം നടപ്പിൽ വരുത്താൻ സാധ്യതയുള്ള ഒരു ഗവൺമെന്റ് രൂപവൽക്കരിക്കാൻ ശ്രമിക്കേണ്ട ബാധ്യത ബ്രിട്ടീഷ് രാജാവിനില്ല. താൻ നിഷ്പക്ഷനായിരുന്നാൽ മാത്രം പോരാ നിഷ്പക്ഷനായിട്ടാണു പ്രവർത്തിക്കുന്നത് എന്ന ജനബോധ്യം ഉണ്ടാക്കുകകൂടി ചെയ്യേണ്ടത് ബ്രിട്ടീഷ് രാജാവിന്റെ ചുമതലയാണ്.' അതിനാൽ, സംസ്ഥാനങ്ങളിലെ ഗവർണർ 'ഭരണഘടനാവിധേയനായ തലവൻ' ആയിരിക്കണമെങ്കിൽ സ്വന്തം വിവേകം അനുസരിച്ച് ഗവർണർ

തീരുമാനമെടുക്കുന്ന കാര്യങ്ങളുടെ പരിധി പരമാവധി പരിമിതമായിരിക്കണം.

താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ ഗവർണർക്ക് ഭരണഘടനപ്രകാരം ബാദ്ധ്യതയുണ്ട്:

1 സംസ്ഥാനത്തിലെ കാര്യങ്ങളുടെ നിർവഹണവും നിയമനിർമാണവും സംബന്ധിച്ച മന്ത്രിസഭയുടെ എല്ലാം തീരുമാനങ്ങളും മുഖ്യമന്ത്രിയിൽ നിന്നു മനസ്സിലാക്കുക. (ഭരണഘടന 167 ക.)

2 ഒരു മന്ത്രി തീരുമാനമെടുത്തതെങ്കിലും മന്ത്രിസഭ പരിഗണിച്ചിട്ടില്ലാത്ത ഒരു വിഷയം യുക്തമെന്നു തോന്നുന്നപക്ഷം, മന്ത്രിസഭയുടെ മുഴവൻ പരിഗണനയ്ക്കു സമർപ്പിക്കണമെന്നു നിർദേശിക്കുക. (ഭ. ഘ. 167 ഗ.)

3 സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബിൽ, യുക്തമെന്നു തോന്നുന്ന പക്ഷം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുക. (ഭരണഘടന 200.)

4 സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബിൽ, യുക്തമെന്നു തോന്നുന്ന ഭേദഗതികൾ വരുത്താനുള്ള നിർദേശത്തോടെ, നിയമസഭയ്ക്കു തിരിച്ചയയ്ക്കുക. (നിയമസഭ രണ്ടാമതും ഇതേ ബിൽ ഭേദഗതികളോടെയോ അതേ പടിയോ പാസ്സാക്കുന്നപക്ഷം ഗവർണർ അതിന് അനുമതി നൽകുക തന്നെ വേണം.)

5 രാഷ്ട്രപതിയുടെ പരിഗണനയ്ക്കു നീക്കിവെക്കേണ്ടതു് ആവശ്യമാണെന്നു തോന്നുന്ന വിഷയങ്ങൾ സംബന്ധിച്ച ഓർഡിനൻസ് പാസ്സാക്കാതെ അവയുടെ കാര്യത്തിൽ രാഷ്ട്രപതിയുടെ ഉപദേശം തേടുക. (ഭരണഘടന 213 ഖ.)

6 സംസ്ഥാനത്തിൽ വ്യവസ്ഥാപിതഭരണം പരാജയപ്പെട്ടതായി തോന്നിയാൽ ആ വിവരം രാഷ്ട്രപതിക്കു റിപ്പോർട്ട് ചെയ്യുക. (ഭരണഘടന 356.1.)

നിയമസഭ വിളിച്ചുകൂട്ടുക, നിർത്തിവെയ്ക്കുക, പിരിച്ചുവിടുക എന്ന മൂന്നു കാര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ഉപദേശത്തിനു തികച്ചും വിധേയനാകാതെ സ്വന്തം വിവേകം ഗവർണർ ഉപയോഗപ്പെടുത്തണമെന്ന് 1967 നവംബറിൽ ഡിൽഹിയിൽ ചേർന്ന ഗവർണർമാരുടെ സമ്മേളനം ഏകകണ്ഠമായി അഭിപ്രായപ്പെടുകയുണ്ടായി. ഒരു സംസ്ഥാനനിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങൾക്ക് മന്ത്രിസഭയിൽ വിശ്വാസം നഷ്ടപ്പെടുകയും രാജിവയ്ക്കാനോ നിയമസഭ വിളിച്ചുകൂട്ടാനോ മന്ത്രിസഭ വിസമ്മതിക്കുകയുമാണെങ്കിൽ ഗവർണർക്കു സ്വന്തം വിവേകം ഉപയോഗിച്ച് മന്ത്രിസഭ പിരിച്ചുവിടാവുന്നതും നിയമസഭാംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ പിന്തുണയുള്ള മറ്റൊരാളോട് മന്ത്രിസഭ രൂപവൽക്കരിക്കാൻ നിർദേശിക്കാവുന്നതുമാണ്. നിയമസഭാംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ പിന്തുണ ഒന്നിലധികം ആളുകൾ അവകാശപ്പെടുകയാണെങ്കിൽ ആർക്കാണു ഭൂരിപക്ഷമെന്ന വസ്തുത തെളിയിക്കാൻ നിയമസഭയുടെ യോഗം ഗവർണർ വിളിച്ചുകൂട്ടേണ്ടതാണ് എന്നും ഗവർണർമാർ അന്നു നിർദേശിച്ചു.

മൂന്നു കാര്യങ്ങളിൽ മാത്രമെ ഗവർണർ സ്വന്തം വിവേകപ്രകാരം തീരുമാനമെടുക്കാവൂ എന്ന് യൂനിയൻ ഗൃഹകാര്യമന്ത്രിയായിരുന്ന വൈ. ബി. ചവാൻ 1970–ൽ ലോക്സഭയിൽ പ്രസ്താവിക്കുകയുണ്ടായി.

1 ഭരണഘടനയിലെ 239.2 വകുപ്പനുസരിച്ച് ഏതെങ്കിലും യൂനിയൻ പ്രദേശത്തിന്റെ ഭരണകർത്താവായി രാഷ്ട്രപതി നിയമിക്കുന്ന ഗവർണർക്ക് മന്ത്രിസഭയെ ആശ്രയിക്കാതെ ഭരണകർത്താവ് എന്ന നിലയിലുള്ള തന്റെ ചുമതലകൾ നിർവഹിക്കാം.

2 ഭരണഘടനയിലെ 200, 201 എന്നീ വകുപ്പുകൾ അനുസരിച്ച സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബിൽ ഗവർണർ അംഗീകരിക്കാതെ നിയമ

സഭയിലേക്കു തിരിച്ചയയ്ക്കുകയോ രാഷ്ട്രപതിയുടെ പരിഗണനയ്ക്കു് നീക്കിവയ്ക്കുകയോ ചെയ്യാം.

3 സംസ്ഥാനത്തിൽ വ്യവസ്ഥാപിത ഭരണം പരാജയമടഞ്ഞതായി ബോദ്ധ്യപ്പെട്ടാൽ ഭരണഘടനയിലെ 356–ാം വകുപ്പനുസരിച്ചു് രാഷ്ട്രപതിക്കു് അതു സംബന്ധിച്ച റിപ്പോർട്ടു് അയയ്ക്കാം. 'ഏതു സന്ദർഭത്തിലും എല്ലാ പരിതഃസ്ഥിതികളിലും സ്വന്തം വിവേകമനുസരിച്ചു് പ്രവർത്തിക്കാൻ ഗവർണർമാരെ നാം അനുവദിക്കുകയാണെങ്കിൽ അതു ഫെഡറൽ ഭരണസമ്പ്രദായത്തിന്റെ അവസാനമായിരിക്കും' എന്നുകൂടി ചവാൻ അന്നു പറയുകയുണ്ടായി.

1988 ആഗസ്റ്റ് 20–ാം തീയതി ഹൈദരാബാദിൽ ചെയ്ത ഒരു പ്രസംഗത്തിൽ ജസ്റ്റീസ് കൃഷ്ണയ്യർ ഇന്ത്യയിൽ അധികാരം കേന്ദ്രീകരിച്ചിരിക്കുന്നതു് രാഷ്ട്രപതിയിലോ പാർലമെന്റിലോ അല്ല പ്രധാനമന്ത്രിയിൽ ആണു് എന്നു പ്രസ്താവിച്ചു. ഭരണഘടന അക്ഷരാർത്ഥത്തിൽ വായിക്കുമ്പോൾ തോന്നുക എക്സിക്യൂട്ടീവ് അധികാരം പൂർണമായും നിക്ഷിപ്തമായിട്ടുള്ളതു് രാഷ്ട്രപതിയിലാണെന്നായിരിക്കും. പക്ഷേ, ഭരണഘടന നിർമിച്ചിട്ടുള്ളതു് വെസ്റ്റ് മിൻസ്റ്റർ (ബ്രിട്ടീഷ്) മാതൃകയിലാകയാൽ 'മററുള്ളവരുടെ സൗജന്യംകൊണ്ടു് ഉയർന്ന പദവിയിൽ ഇരിക്കുന്ന ഒരു വ്യക്തി' മാത്രമാണു് രാഷ്ട്രപതി. അത്യന്തം അധികാരമോഹമുള്ള ഒരു രാഷ്ട്രപതിക്കു ഭരണഘടനയെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചു് 'തന്റെ അഭിമതത്തിനു വിധേയമായി ഉദ്യോഗംവഹിക്കുന്ന' പ്രധാനമന്ത്രിയെ വേണമെങ്കിൽ പിരിച്ചുവിടാം. അതേസമയം പാർലമെന്റു് പാസ്സാക്കിയ ഒരു ബില്ലിനു് രാഷ്ട്രപതി അനുവാദം നൽകാതിരിക്കുന്നതു് അനുചിതമായിരിക്കും. കാരണം, നിയമമെന്തെന്നു് അപ്പോൾ തീരുമാനിക്കുക പാർലമെന്റു് ആയിരിക്കുകയില്ല; രാഷ്ട്രപതി ആയിരിക്കും.

യഥാർത്ഥത്തിൽ ഇന്ത്യൻ ഭരണഘടനയനുസരിച്ചു് പ്രധാനമന്ത്രിക്കു് പാർലമെന്റിന്റേയും മന്ത്രിസഭയുടേയും ജുഡീഷ്യറിയുടേയും രാഷ്ട്രപതിയുടേയും മേൽ അസാധാരണമായ അധികാരശക്തി ചെലുത്താൻ കഴിയും. സംഖ്യാപരമായ ഭൂരിപക്ഷമുള്ളതിനാൽ പ്രധാനമന്ത്രിക്കു് പാർലമെന്റിൽ ഏതു നിയമവും പാസ്സാക്കിയെടുക്കാം. മന്ത്രിസഭയുടെ ശുപാർശകൾ എന്തുതന്നെയായാലും അവ സ്വീകരിക്കാൻ രാഷ്ട്രപതി നിർബന്ധനാണു്. സുപ്രീംകോർട്ടിലും ഹൈക്കോടതികളിലും ജഡ്ജിമാരെ നിയമിക്കുന്നതു് പ്രധാനമന്ത്രിയാകയാൽ ഈ സ്ഥാപനങ്ങളെ തന്റെ ഇഷ്ടം അനുസരിക്കുന്നവയാക്കുവാനും പ്രധാനമന്ത്രിക്കു സാധിക്കുമെന്നു് ജസ്റ്റീസ് കൃഷ്ണയ്യർ ചൂണ്ടിക്കാണിച്ചു.

പക്ഷേ, അതേ പ്രസംഗത്തിൽ ജസ്റ്റീസ് കൃഷ്ണയ്യർ മറെറാരു കാര്യംകൂടി പറയുകയുണ്ടായി: 'മന്ത്രിസഭയുടെയും പ്രധാനമന്ത്രിയുടെയും തലങ്ങളിൽ സംശയാസ്പദമോ ആപൽക്കരമോ ആയ എന്തെങ്കിലും സംഭവിക്കാതെ തടയുവാൻ ജനങ്ങൾക്കുള്ള അവസാനത്തെ ആശ്രയം രാഷ്ട്രപതിയാകുന്നു. ആവശ്യമായ വിവരം പ്രധാനമന്ത്രിയിൽനിന്നു ലഭിക്കുന്നതിനുള്ള തന്റെ അവകാശത്തിൽ രാഷ്ട്രപതി ഉറച്ചുനില്ക്കുകയും വേണ്ടിവരികയാണെങ്കിൽ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തന്റെ അധികാരങ്ങൾ പ്രയോഗിച്ചു്, ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുമാറു പ്രവർത്തിക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. പക്ഷേ, യഥാർത്ഥത്തിൽ രാഷ്ട്രതന്ത്രജ്ഞരായ നേതാക്കൾക്കു മാത്രമെ അത്തരം പ്രവൃത്തികൾ ചെയ്യാൻ കഴിയൂ.'

പ്രധാനമന്ത്രിയേയും രാഷ്ട്രപതിയേയുംപററി ജസ്റ്റീസ് കൃഷ്ണയ്യർ പറഞ്ഞ വസ്തുതകൾ പ്രസക്തമായ വ്യത്യാസത്തോടെ മുഖ്യമന്ത്രിമാർക്കും ഗവർണർമാർക്കും ബാധകമാക്കാവുന്നതാണു്.

മുപ്പത്തഞ്ചു വയസ്സു പൂർത്തിയായ ഒരു ഇന്ത്യൻ പൗരനു് അയാൾ പാർലമെന്റിലോ ഏതെങ്കിലും സംസ്ഥാന നിയമസഭയിലോ അംഗമല്ലെങ്കിലും

ആദായകരമായ മറെറാരു ഉദ്യോഗം വഹിക്കുന്നില്ലെങ്കിലും ഗവർണറായി നിയമിക്കപ്പെടാൻ അർഹതയുണ്ട്. (ഭരണഘടന 158.1,2)ഗവർണറെ നിയമിക്കുന്നതു് രാഷ്ട്രപതിയാണെന്നു പറഞ്ഞുവല്ലോ. ഈ നിയമനത്തിൽ ഭരണഘടനാപ്രകാരം സംസ്ഥാന മന്ത്രിസഭയുടെ യാതൊരു പങ്കാളിത്തവുമില്ല. എങ്കിലും ഭരണഘടന സാധാരണനിലയിൽ പ്രവർത്തിക്കുമ്പോൾ ഗവർണറെ നിയമിക്കുംമുമ്പ് കേന്ദ്ര ഗവണ്മെൻറ് അതാതു സംസ്ഥാനത്തിലെ മന്ത്രിസഭയുമായി ആലോചിക്കുകയെന്ന വഴക്കം സ്ഥാപിക്കപ്പെടുമെന്നും അതാതു സംസ്ഥാനത്തിലെ ചുററുപാടിനു് ഇണങ്ങുമാറു് യോഗ്യതയും പൊതുജീവിതത്തിൽ സ്ഥാനവുമുള്ള അതേസമയം സംസ്ഥാനത്തിലെ പാർട്ടി വഴക്കുകളിൽ പെടാത്ത ഒരാളെ ഗവർണർ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുമെന്നും ഭരണഘടനാനിർമാണസഭയിൽ ചെയ്ത മുമ്പു നിർദേശിച്ച പ്രസംഗത്തിൽ അല്ലാടി കൃഷ്ണസ്വാമി അയ്യർ പ്രസ്താവിച്ചിരുന്ന എന്ന കാര്യം ഓർമിക്കത്തക്കതാണു്. അത്തരമൊരു ഗവർണർ സംസ്ഥാന മന്ത്രിസഭയുടെ സുഹൃത്തും തർക്കങ്ങളിൽ മദ്ധ്യസ്ഥനുമായിരിക്കുമെന്നും മന്ത്രിസഭയുടെ സുഗമപ്രവർത്തനത്തിൽ അദ്ദേഹം സഹായിക്കുമെന്നും കൃഷ്ണസ്വാമി അയ്യർ പ്രത്യാശിച്ചു.

പിറേറന്നു് 1947 മെയ് 31-ാം തീയതി ഭരണഘടനാ നിർമാണസഭയിൽ ചെയ്ത പ്രസംഗത്തിൽ ജവാഹർലാൽ നെഹ്റു ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

'സംസ്ഥാനത്തിലെ ഗ്രൂപ്പുകളോടും പ്രാദേശിക രാഷ്ട്രീയത്തോടും ഗവർണർക്കു് അടുത്ത ബന്ധം ഇല്ലാതിരിക്കുകയാണ് അഭിലഷണീയം എന്നു ഞാൻ കരുതുന്നു. അയാൾ (ഗവർണർ) സംസ്ഥാനത്തിനും സംസ്ഥാനത്തിലെ ഗവൺമെൻറിനും സ്വീകാര്യനായിരിക്കണം. എങ്കിലും സംസ്ഥാനത്തിലെ പാർട്ടി യന്ത്രത്തിന്റെ ഒരു ഭാഗമായി അറിയപ്പെടുന്നവനായിരിക്കരുതു്.'

ഗവർണറെ നിയമിക്കുമ്പോൾ ഈ സാമാന്യ തത്ത്വങ്ങൾ മാനിക്കാതിരിക്കുക മാത്രമല്ല, അവയ്ക്കുനേരെ എതിരായ ദിശയിൽ പ്രവർത്തിക്കുകകൂടി ചെയ്തതിന്റെ ഫലമായിട്ടാണ് ആവശ്യമില്ലാത്ത സംഘർഷങ്ങൾ ഗവർണർക്കും മന്ത്രിസഭയ്ക്കുമിടയിൽ വളർന്നുവരുന്നതു്.

കോഴിക്കോട് സർവകലാശാലയിലെ വൈസ് ചാൻസലറെ പിരിച്ചുവിടാൻ ഉദ്ദേശിച്ചു തയ്യാറാക്കിയ ഒരു ഓർഡിനൻസ് പാസ്സാക്കാതെ രാഷ്ട്രപതിയുടെ പരിഗണനയ്ക്കു നീക്കിവെച്ചതിനും കേരള സർവകലാശാലയിലെ സെനററിലേക്കു സർവകലാശാല സമർപ്പിച്ച പാനലിൽപ്പെടാത്ത രണ്ടു വിദ്യാർത്ഥികളെ നാമനിർദേശം ചെയ്തതിനും ഗവർണർക്കെതിരായ ഒരു പ്രക്ഷോഭണം കേരളത്തിൽ രൂപംകൊണ്ടിരിക്കയാണല്ലോ. ഓർഡിനൻസിൽ ഒപ്പിടാതെ സ്വന്തം വിവേകം പ്രയോഗിച്ച് അതു് രാഷ്ട്രപതിയുടെ പരിഗണനയ്ക്കു വിട്ട ഗവർണറുടെ പ്രവൃത്തിയെ കോടതിയിൽ ചോദ്യംചെയ്യുക സാദ്ധ്യമല്ലെന്നാണ് ഭരണഘടനയുടെ 163 2, 3 വകുപ്പുകൾ വായിച്ചതിൽനിന്നു് എനിക്കു മനസ്സിലായതു്. സെനററിലേക്കുള്ള വിദ്യാർത്ഥിപ്രതിനിധികളുടെ നാമനിർദേശത്തിലാകട്ടെ സർവകലാശാലകളെ സംബന്ധിച്ച് കേരള നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ചു തന്നിൽ നിക്ഷിപ്തമായ അധികാരം സ്വന്തം വിവേകമനുസരിച്ചു പ്രയോഗിക്കുകയേ ഗവർണർ ചെയ്തിട്ടുള്ളു. താരതമ്യേന അപ്രധാനമായ ഈ കാര്യത്തിൽ ഗവർണർ സ്വന്തം വിവേകം പ്രയോഗിച്ച് ഒരു തീരുമാനം കൈക്കൊണ്ടതിന്റെ ഔചിത്യം സംശയാസ്പദമെന്നു പറയാമായിരിക്കാം. എന്നാലും ഇതിന്റെ പേരിൽ ഗവർണർക്കെതിരായി ഒരു പ്രക്ഷോഭണം വിദ്യാർത്ഥികളോ മറേറതെങ്കിലും ജനവിഭാഗമോ തുടർന്നു നടത്തുകയാണെങ്കിൽ അതു നിർഭാഗ്യകരമായിരിക്കും. കാരണം, നിലവിലുള്ള നിയമത്തിനു് എതിരായ ഒരു പ്രവൃത്തിയും ഇവിടെയും ഗവർണറുടെ ഭാഗത്തുനിന്നു് ഉണ്ടായിട്ടില്ല.

(26 ഡിസംബർ, 1988)